മുല്ലശ്ശേരി ഉപജില്ലാ ശാസ്ത്രമേള മുരളി പെരുനെല്ലി എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

മുല്ലശ്ശേരി ഉപജില്ലാ ശാസ്ത്രമേള തുടങ്ങി

പാവറട്ടി: മുല്ലശ്ശേരി വിദ്യാഭ്യാസ ഉപജില്ലാ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ-ഐ.ടി. മേള പാവറട്ടി ക്രൈസ്റ്റ് കിങ് കോൺവെൻറ് ഗേൾസ് ഹൈസ്കൂളിൽ ആരംഭിച്ചു.

മേള മുരളി പെരുനെല്ലി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് വി.കെ. അബ്ദുൾ ഫത്താഹ് അധ്യക്ഷനായി. മുല്ലശ്ശേരി എഇഒ സി.കെ. ജോർജ്ജ്, സി. ഹിമ റോസ്, ലൂസി ജോൺസൺ, വി. ജെ. വർഗ്ഗീസ്, ജോൺ ഒ. പുലിക്കോട്ടിൽ, ആഗ്നസ് ജോൺ, ജാൻസി ആൻറണി, ഒ.ടി. ജോസഫ് ലിയോ, ഒ.എൽ. ജോസ്, ജിൽസൺ, സി.ടി. ഫ്രാൻസിസ്, സി. രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. സെൻറ് ജോസഫ്സ് തീർത്ഥകേന്ദ്രം വികാരി ഫാ. ജോസ് പുന്നോലിപ്പറമ്പിൽ മുഖ്യാതിഥിയായി.

ഉപജില്ലയിലെ 50 സ്കൂളുകളിൽനിന്നായി 2000 ഓളം വിദ്യാർത്ഥികൾ മത്സരങ്ങളിൽ പങ്കെടുക്കുന്നു.

ശാസ്ത്രമേള വ്യാഴാഴ്ചയും തുടരും. സമാപനസമ്മേളനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എം.പി. സിദ്ധാർത്ഥൻ ഉദ്ഘാടനം ചെയ്യും.

പാവറട്ടി പഞ്ചായത്തിൻെറ ജംഗമ വസ്തുക്കൾക്ക് ജപ്തിഭീഷണി

പാവറട്ടി: പാവറട്ടി ഗ്രാമപ്പഞ്ചായത്ത് ഓഫീസിലെ ജംഗമ വസ്തുക്കൾ ജപ്തിഭീഷണിയിൽ. 1979ൽ പാവറട്ടി സെൻററിൽ അറയ്ക്കൽ അന്തോണിയുടെ ഭാര്യ മർഗലീത്തയുടെ പേരിലുള്ള 70 സെൻറ് ഭൂമി പഞ്ചായത്ത് ഏറ്റെടുത്തിരുന്നു. ഇവിടെയാണ് പഞ്ചായത്ത് ഓഫീസ് കെട്ടിടവും ബസ്സ്റ്റാൻഡും പണിതത്. 98775 രൂപയാണ് അന്ന് പഞ്ചായത്ത് ഭൂമിക്ക് നൽകിയത്. എന്നാൽ, തുക കുറവാണെന്നു കാണിച്ച് മർഗലീത്തയുടെ മക്കൾ കോടതിയെ സമീപിച്ചു. തുടർന്ന് 1.48 ലക്ഷം രൂപ നൽകാൻ കോടതി വിധിച്ചു. കോടതി ഉത്തരവിനെത്തുടർന്ന് വർഷങ്ങൾക്കുമുമ്പ് പഞ്ചായത്ത് ലാൻഡ് അക്വിസിഷൻ വകുപ്പിൽ 50,000 രൂപ അടച്ചു. എന്നാൽ, വകുപ്പ് യഥാസമയം കോടതിക്ക് തുക കൈമാറിയില്ല. ഇതേത്തുടർന്നാണ് കോടതി ജപ്തിഉത്തരവ് പുറപ്പെടുവിച്ചത്. ഉത്തരവ് സ്റ്റേ ചെയ്യാൻ പഞ്ചായത്തധികൃതർ കോടതിയെ സമീപിച്ചിരിക്കുകയാണ്.

വടക്കാഞ്ചേരി വ്യാസ എൻ.എസ്.എസ്. കോളേജ് പ്രിൻസിപ്പലായി ചുമതലയേറ്റ എ. ശ്രീകുമാർ

ക്ഷേത്രപുനർനിർമ്മാണം ഉടൻ ആരംഭിക്കണം -ഹിന്ദു ഐക്യവേദി

പഴയന്നൂർ: തീപ്പിടിത്തമുണ്ടായ പഴയന്നൂർ ഭഗവതിക്ഷേത്രത്തിൻെറ പുനർനിർമ്മാണം ഉടൻ ആരംഭിക്കണമെന്ന് ഹിന്ദു ഐക്യവേദി പഴയന്നൂർ മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു. പ്രസിഡൻറ് ചെമ്മഴി മോഹനൻ അധ്യക്ഷനായ യോഗം താലൂക്ക് പ്രസിഡൻറ് പി.കെ. ചന്ദ്രൻ ഉദ്ഘാടനം ചെയ്തു.

വി. ദിലീപ്കുമാർ, ടി.സി. പ്രകാശൻ, ബേബി വെള്ളപ്പാറ എന്നിവർ പ്രസംഗിച്ചു.

ശാസ്ത്രസാഹിത്യപരിഷത്ത് യൂണിറ്റ് വാർഷികം

തിരുവില്വാമല: കേരള ശാസ്ത്രസാഹിത്യപരിഷത്ത് തിരുവില്വാമല യൂണിറ്റ് വാർഷികം പ്രസിഡൻറ് എം.ആർ. ഗോപിയുടെ അധ്യക്ഷതയിൽ ചേർന്നു.

എസ്. രാമൻ, കെ.എ. സുരേഷ്, സി. വേലായുധൻ, കെ.സി. ഉണ്ണി, ജോബ് എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികളായി എം.ബി. സജിത (പ്രസി.), കെ. ശ്രീധരൻ (വൈസ് പ്രസി.), എസ്. രാമൻ (സെക്ര.), എം.ആർ. ഗോപി (ജോ. സെക്ര.) എന്നിവരെ തിരഞ്ഞെടുത്തു.

യൂത്ത് കോൺഗ്രസ് പ്രക്ഷോഭത്തിന്

ചേലക്കര: പദ്ധതി പ്രവർത്തനങ്ങളിലെ സി.പി.എം. രാഷ്ട്രീയവൽക്കരണത്തിനെതിരെ യൂത്ത് കോൺഗ്രസ് പ്രക്ഷോഭത്തിലേക്ക്. കേന്ദ്ര ഗവ. പദ്ധതികൾപോലും രാഷ്ട്രീയ വൽക്കരിച്ച് സംസ്ഥാനസർക്കാരിൻെറ പദ്ധതികളാക്കി പൊതുജനത്തെ കബളിപ്പിക്കാൻ സി.പി.എം. ശ്രമിക്കുകയാണെന്ന് യൂത്ത് കോൺഗ്രസ് ചേലക്കര മണ്ഡലം കമ്മിറ്റി ആരോപിച്ചു. യോഗം കെ.പി. ഷാജി ഉദ്ഘാടനം ചെയ്തു. പ്രദീപ് നമ്പ്യത്ത് അധ്യക്ഷനായി. ടി.എസ്. രാമദാസ്, പി.സി. മണികണ്ഠൻ, പി.ടി. ജെയ്സൺ, എം.ബി. വിശ്വനാഥൻ, ടി.എ. രാധാകൃഷ്ണൻ, എ.എ. ഉണ്ണികൃഷ്ണൻ, എ. രതീഷ്, അരുൺകുമാർ, ഷാജിത, ബിജു ജോസഫ് എന്നിവർ പ്രസംഗിച്ചു.

കോട്ടോൽ പള്ളിയിൽനിന്ന് പരുമല തിരുമേനിയുടെ കബറിങ്കലേക്കുള്ള പദയാത്രാസംഘത്തിന് വികാരി ഫാ. സണ്ണി പതാക കൈമാറുന്നു

തീർത്ഥാടകർക്കായി ഗുരുവായൂരിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചു

ഗുരുവായൂർ: ശബരിമല സീസണിൽ തീർഥാടകർക്കായി ഗുരുവായൂർ ടൗൺ ക്ലബ് മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിച്ചു. പോലീസ്, ദേവസ്വം, നഗരസഭ എന്നിവയുടെ നിർദേശങ്ങളും വിവിധ ഭാഷകളിലായി ബോർഡുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൻെറ ഉദ്ഘാടനം ഗുരുവായൂർ എസ്ഐ എം. സുരേന്ദ്രൻ നിർവഹിച്ചു. ക്ലബ് പ്രസിഡൻറ് ബിനോയ് പനയ്ക്കൽ അധ്യക്ഷനായി. സുനിൽ പല്ലാശ്ശേരി, എൻ. രാജൻ, ആർ.എം. സുജാവുദ്ദീൻ, എ.പി. ഫൈസൽ, വി. കെ. അനിൽകുമാർ, ടി.പി. വാസുദേവൻ, ജയൻ തുപ്പൂണിത്തറ, ശശി ചെമ്പകശ്ശേരി, പി.കെ. സുജിത് എന്നിവർ പ്രസംഗിച്ചു.

മലമ്പാമ്പിനെ പിടികൂടി

ചാവക്കാട്: കടപ്പുറം മുനയ്ക്കടവിലെ മാടക്കാവിൽ മറൈൻ വർക്ഷോപ്പിൻെറ പരിസരത്തുനിന്ന് തിങ്കളാഴ്ച രാത്രി എട്ടടിയോളം വലിപ്പമുള്ള മലമ്പാമ്പിനെ പിടികൂടി. പി.കെ. ഹസ്സൻമോൻ, ആർ.എച്ച്. റഷീദ്, സി.എച്ച്. അസ്കർ, ബി.ബി. നസീർ, കെ. തുളസീധരൻ എന്നിവർ ചേർന്നാണ് പിടികൂടിയത്. ഫോറസ്റ്റ് അധികൃതരെ വിവരമറിയിച്ചെങ്കിലും ഇതുവരെയും എത്താത്തിനെത്തുടർന്ന് പാമ്പിനെ ഇരുമ്പുകൂട്ടിലാക്കി സൂക്ഷിച്ചിരിക്കുകയാണ്.

കൊപ്രസംഭരണകേന്ദ്രം

പഴയന്നൂർ: പഴയന്നൂർ ബ്ലോക്ക് മാർക്കറ്റിങ് സഹകരണസംഘം എളനാട്, കൊപ്രസംഭരണകേന്ദ്രം തുടങ്ങിയതായി പ്രസിഡൻറ് കെ.സി. ദേവസ്സി അറിയിച്ചു.

ഭോപ്പാൽ ദുരന്തത്തിൻെറ ഓർമ്മകളിൽ ഹർഷൻ

ഹർഷൻ

ചെറുതുരുത്തി: ഭോപ്പാൽ ദുരന്തത്തിൽ മരിച്ചവർക്ക് ഓർമ്മപ്പൂക്കളം അർപ്പിച്ച് പ്രാർത്ഥനയോടെ കഴിയുകയാണ് ഹർഷൻ. ദുരന്തം വിതച്ച യൂണിയൻ കാർബൈഡ് ഫാക്ടറി ജീവനക്കാരനായിരുന്നു ചെറുതുരുത്തി മുള്ളൂർക്കരയിലെ പുത്തൻകോവിലകത്തിൽ ഹർഷൻ. 1977 മുതൽ കമ്പനിയിൽ ജീവനക്കാരനായിരുന്ന ഹർഷൻ ദുരന്തത്തെത്തുടർന്ന് കമ്പനി പൂട്ടിയപ്പോഴാണ് മുള്ളൂർക്കരയിൽ എത്തിയത്.

യൂണിയൻ കാർബൈഡ് ഫാക്ടറി വിൽക്കാനുള്ള നടപടിക്രമങ്ങളും പുരോഗമിക്കവെയാണ് ദുരന്തം ഉണ്ടാവുന്നത്. വില്പനയ്ക്ക് കരാറുറപ്പിച്ച കമ്പനിയിൽ അറ്റകുറ്റപ്പണികളും നടത്തിയിരുന്നില്ല. വിൽക്കുന്നതിനു മുമ്പ് പരമാവധി ലാഭം ഉണ്ടാക്കാനുള്ള തന്ത്രപ്പാടിലായിരുന്നു ഉടമകൾ. അതുകൊണ്ടുതന്നെ പലപ്പോഴും ഉണ്ടായ ചെറിയ ചോർച്ചകളും അധികൃതർ കാര്യമാക്കിയില്ല. ഇതാണ് ദുരന്തത്തിന് വഴിതെളിച്ചത്. 42 ടൺ വിഷവാതകമാണ് ചോർന്നത്. ഇത് മുൻകൂട്ടി കണ്ടാണ് താൻ 15 കിലോമീറ്റർ അപ്പുറത്ത് താമസിച്ചതെന്ന് ഹർഷൻ പറയുന്നു.

കമ്പനിയിൽ ജോലിചെയ്തിരുന്ന തൊഴിലാളികളോടും മാനേജ്മെൻറ് നീതികേടാണ് കാട്ടിയത്. കമ്പനി പൂട്ടിയപ്പോൾ ജീവനക്കാർക്കുപകരം സംവിധാനം ഒരുക്കിയില്ല. ഒരു കൊല്ലത്തിന് 15 ദിവസത്തെ ശമ്പളം കണക്കാക്കി തുച്ഛമായ തുകയാണ് ജീവനക്കാർക്ക് നല്കിയത്.

കമ്പനിയിൽ ഉണ്ടായിരുന്ന 630 ഓളം തൊഴിലാളികളിൽ ഒരാളായ ഹർഷൻ 58-ാം വയസ്സിലെ വിശ്രമജീവിതത്തിലും മറക്കാനാവാത്ത ഓർമ്മകളുമായി കഴിയുകയാണ്. ഒപ്പം ദുരന്തം അനുഭവിച്ചവർക്ക് എന്നെങ്കിലും നീതി ലഭിക്കുമെന്ന് ആശ്വസിക്കുന്നു.

മഹിളാ കോൺഗ്രസ് സായാഹ്നധർണ്ണ

ചേലക്കര: നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനയിലും ക്രമസമാധാനത്തകർച്ചയിലും പ്രതിഷേധിച്ച് മഹിളാകോൺഗ്രസ് ചേലക്കര ബ്ലോക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ സായാഹ്നധർണ്ണ ഐ.എൻ.ടി.യു.സി. ജനറൽ സെക്രട്ടറി ടി.വി. ചന്ദ്രമോഹൻ ഉദ്ഘാടനം ചെയ്തു.

ടി. നിർമ്മല, വി. പാറുക്കുട്ടി, എൻ.വി. മറിയാമ്മ, ഇ. വേണുഗോപാലമേനോൻ, ടി.എം. കൃഷ്ണൻ, പി. സുലൈമാൻ എന്നിവർ പ്രസംഗിച്ചു.

മഹിളാ കോൺഗ്രസ് ബ്ലോക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ ചേലക്കരയിൽ നടത്തിയ സായാഹ്നധർണ

പ്രവൃത്തിപരിചയമേള: മറ്റം സെൻറ് മേരീസിന് കിരീടം

ഗുരുവായൂർ: കുന്നംകുളം വിദ്യാഭ്യാസ ഉപജില്ലാ ശാസ്ത്രഗണിത സാമൂഹിക പ്രവൃത്തിപരിചയ മേളയിൽ മറ്റം സെൻറ് മേരീസ് കോൺവെൻറ് എൽ.പി. സ്കൂൾ ഓവറോൾ കിരീടം കരസ്ഥമാക്കി.

എൽ.പി. വിഭാഗം ശാസ്ത്രമേളയിൽ ഓവറോൾ ഒന്നാം സ്ഥാനവും പ്രവൃത്തിപരിചയ മേളയിൽ ഓവറോൾ രണ്ടാം സ്ഥാനവും നേടി.

വിദ്യാരംഗം കലാസാഹിത്യവേദി മത്സരത്തിൽ ഓവറോൾ ഒന്നാം സ്ഥാനവും സ്കൂൾ നേടി.

പഴഞ്ഞിയിൽ പൊതുനിരത്തിൽ വീണ്ടും മാലിന്യനിക്ഷേപം

കാട്ടകാമ്പാൽ: കാട്ടകാമ്പാൽ പഞ്ചായത്തിൽ വീണ്ടും പൊതുനിരത്തിൽ അറവുമാലിന്യനിക്ഷേപം. പഴഞ്ഞിയിൽ നിന്ന് പാലക്കൽ കല്ല്യാണമണ്ഡപത്തിൻെറ ഭാഗത്തേക്ക് പോകുന്ന റോഡിലാണ് കഴിഞ്ഞദിവസം മാലിന്യ നിക്ഷേപം കണ്ടെത്തിയത്. ദുർഗന്ധംമൂലം ചുറ്റുവട്ടത്തുള്ള വീട്ടുകാർ ദുരിതത്തിലാണ്.

പൊതുനിരത്തിൽ അറവുമാലിന്യം കണ്ടെത്തിയതിനെതുടർന്ന് കാട്ടകാമ്പാൽ പഞ്ചായത്തിലെ മാംസ, മത്സ്യകച്ചവടക്കാർ, ആരോഗ്യപ്രവർത്തകർ, പഞ്ചായത്ത് അംഗങ്ങൾ എന്നിവരുടെ സംയുക്തയോഗം കഴിഞ്ഞ മാസംനടന്നിരുന്നു.

എല്ലാ മത്സ്യ, മാംസ കച്ചവടക്കാരും സ്വയം അറവുമാലിന്യ നിക്ഷേപസൗകര്യം ഒരുക്കണമെന്നായിരുന്നു സംയുക്തതീരുമാനം. പൊതുനിരത്തിൽ മാലിന്യം നിക്ഷേപിക്കുന്നവരെ ജനങ്ങൾ ചേർന്ന് കണ്ടെത്താനും തീരുമാനിച്ചിരുന്നു. നവംബർ ഒന്ന് മുതൽ അറവുമാലിന്യ സംസ്കരണസൗകര്യങ്ങൾ ഒരുക്കാത്ത കച്ചവടക്കാരെ കണ്ടെത്താൻ ആരോഗ്യവകുപ്പിൻെറ നേതൃത്വത്തിൽ പരിശോധനയും നടത്തി.

എന്നാൽ നടപടികൾ ഉണ്ടാകുമെന്ന് പ്രഖ്യാപിച്ചിരിക്കുമ്പോഴാണ് ഇപ്പോൾ വീണ്ടും പൊതുനിരത്തിൽ അജ്ഞാതർ കോഴിവേസ്റ്റ് നിക്ഷേപിച്ചിരിക്കുന്നത്.

പൊതുനിരത്തിൽ അറവുമാലിന്യം നിക്ഷേപിച്ചവരെ കണ്ടെത്തി കർശന നടപടി സ്വീകരിക്കുമെന്ന് പഞ്ചായത്ത് പ്രസിഡൻറ് ടി.സി. ചെറിയാൻ പറഞ്ഞു. ഇതിനായി പോലീസ്, ആരോഗ്യവകുപ്പ് അധികൃതരുടെ സഹായം തേടുമെന്നും പ്രസിഡൻറ് പറഞ്ഞു.

ലോക്കൽ കമ്മിറ്റി പുനഃസംഘടിപ്പിക്കണം

കുന്നംകുളം: ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് കുന്നംകുളം ലോക്കൽ കമ്മിറ്റി പുനഃസംഘടിപ്പിക്കണമെന്ന് തൃശ്ശൂർ ജില്ലാ ജനറൽ മസ്ദൂർസംഘം (ബി.എം.എസ്.) കുന്നംകുളം ഏരിയാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു.

യോഗത്തിൽ ജനറൽ മസ്ദൂർ സംഘം മേഖലാ സെക്രട്ടറി കെ.ജി. സുധാകരൻ അധ്യക്ഷനായി. ബി.എം.എസ്. ജില്ലാ ജോയിൻറ് സെക്രട്ടറി സേതു തിരുവെങ്കിടം, മേഖലാ സെക്രട്ടറി എസ്.കെ. സതീശൻ, എ.എസ്. പ്രേമരാജ്, സി.എൻ. രാമകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

പാർക്കാടി പൂരം: ഒരുക്കങ്ങൾ തുടങ്ങി

അഞ്ഞൂർ: മുപ്പത്തഞ്ചിലധികം പ്രാദേശിക പൂരാഘോഷസമിതികളും പങ്കെടുക്കുന്ന പാർക്കാടി പൂരത്തിന് ഒരുക്കങ്ങളായി. ജനവരി 24നാണ് പൂരം. മകരചൊവ്വ ആഘോഷിക്കുന്ന 19ന് ക്ഷേത്രം ട്രസ്റ്റി തോട്ടപ്പായ് മനയ്ക്കൽ ശങ്കരൻ നമ്പൂതിരി, കോമരം വെപ്പിൽ കൃഷ്ണൻ നായർ എന്നിവർ സംയുക്തമായാണ് പൂരത്തിന് കൊടിയേറ്റുന്നത്. പകൽപൂരത്തിലെ കൂട്ടിയെഴുന്നള്ളിപ്പിൽ അമ്പതിൽപരം ആനകളും വർണക്കാവടികളും നാടൻകലാരൂപങ്ങളും മികച്ച വാദ്യകലാകാരന്മാരും പങ്കെടുക്കും. പകൽപൂരത്തിനു സമാപനമായി വെടിക്കെട്ടും നടക്കും.

പുല്ലാംവളപ്പ് ക്ഷേത്രത്തിൽ സർവൈശ്വര്യപൂജയും അയ്യപ്പൻവിളക്കും

ഞമണേക്കാട്: ഞമണേക്കാട് പുല്ലാംവളപ്പ് ക്ഷേത്രത്തിൽ 12നും 13നും സർവൈശ്വര്യപൂജയും അയ്യപ്പൻവിളക്കും നടത്തുമെന്ന് സംഘാടകസമിതി അറിയിച്ചു. തത്ത്വമസി വിളക്ക് കമ്മിറ്റിയും, ശ്രീമുരുക ഭജനസമിതിയും സംയുക്തമായാണ് വിളക്ക് നടത്തുന്നത്. 12ന് രാവിലെ 11ന് പാർക്കാടി ഭഗവതീക്ഷേത്രത്തിൽനിന്ന് പൂക്കാവടികളുടെ അകമ്പടിയോടെ പൂത്താലം എഴുന്നള്ളിപ്പ്, വൈകീട്ട് 5ന് സർവൈശ്വര്യപൂജ, 7.30ന് താലംവരവ് എന്നിവയുണ്ടാകും. 13ന് വൈകീട്ട് 6ന് ഞമണേക്കാട് ഭഗവതീക്ഷേത്രത്തിൽനിന്ന് പാലക്കൊമ്പ് എഴുന്നള്ളിപ്പ്, രാത്രി അന്നദാനം എന്നിവയുണ്ടാകും.

വെള്ളറക്കാട് ക്ഷേത്രത്തിൽ അംഗുലീയാങ്കം കൂത്ത് തുടങ്ങി

എരുമപ്പെട്ടി: വെള്ളറക്കാട് ശ്രീരാമസ്വാമി ക്ഷേത്രത്തിൽ മണ്ഡലമാസാചരണത്തോടനുബന്ധിച്ച് ബുധനാഴ്ച അംഗുലീയാങ്കം കൂത്ത് തുടങ്ങി. ക്ഷേത്രം വലിയമ്പലത്ത് നടക്കുന്ന കൂത്തിന് കുട്ടഞ്ചേരി സന്തോഷ് ചാക്യാർ, സരോജിനി നങ്ങ്യാർ, ചന്ദ്രൻ നമ്പ്യാർ എന്നിവരാണ് നേതൃത്വം നല്കുന്നത്. 12 ദിവസം വെള്ളറക്കാട് ക്ഷേത്രത്തിൽ അംഗുലീയാങ്കം കൂത്ത് ഉണ്ടാകും.

അയ്യപ്പൻവിളക്ക് ആഘോഷിച്ചു

പഴയന്നൂർ: പറക്കുളം അയ്യപ്പൻവിളക്ക് സംഘത്തിൻെറ ആഭിമുഖ്യത്തിൽ അയ്യപ്പൻവിളക്ക് ആഘോഷിച്ചു. അയ്യപ്പൻപാട്ട്, അന്നദാനം, പാലക്കൊമ്പ് എഴുന്നള്ളിപ്പ്, തായമ്പക എന്നിവയുണ്ടായി.

ഫുട്ബോൾ ടൂർണമെൻറ്: ടിക്കറ്റ് വിൽപ്പന

എരുമപ്പെട്ടി: എരുമപ്പെട്ടി ഫുട്ബോൾ അസോസിയേഷൻ (ഇ.എഫ്.എ.) നടത്തുന്ന അഖിലകേരള സെവൻസ് ഫുട്ബോൾ ടൂർണമെൻറിനുള്ള സീസൺ ടിക്കറ്റ് വിൽപ്പന തുടങ്ങി. ജില്ലാപഞ്ചായത്തംഗം പി.എസ്. മോഹൻദാസ് ഇ.എഫ്.എ. ട്രഷറർ രാജൻമാത്യുവിന് നൽകി ടിക്കറ്റിൻെറ ആദ്യവില്പന നിർവഹിച്ചു. ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് എ.കെ. കണ്ണൻ അധ്യക്ഷനായിരുന്നു. എം.എ. ഉസ്മാൻ, കെ. ശങ്കരൻകുട്ടി എന്നിവർ പ്രസംഗിച്ചു. എരുമപ്പെട്ടി-കടങ്ങോട് റോഡിലുള്ള കോഴിക്കാട്ടിൽ ഗോപാലൻ നായർ മെമ്മോറിയൽ ഫ്ലഡ്ലിറ്റ് മൈതാനിയിൽ ഡിസംബർ 23 മുതൽ ജനവരി 13 വരെ ടൂർണമെൻറ് നടക്കും.

ദ്വിദിന ബാലവേദി പഠനക്കളരി

പഴഞ്ഞി: ഗ്രന്ഥശാലാസംഘത്തിൻെറ തലപ്പിള്ളി താലൂക്ക്തല ദ്വിദിന ബാലവേദി പഠനക്കളരി പഴഞ്ഞി ഗവ. ഹൈസ്കൂളിൽ ശനി, ഞായർ ദിവസങ്ങളിൽ നടക്കും. പഠനക്കളരിയുടെ സംഘാടകസമിതി രൂപവത്കരണയോഗത്തിൽ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് പദ്മം വേണുഗോപാൽ, ബ്ലോക്ക്പഞ്ചായത്തംഗം തങ്കമണി സിദ്ധാർത്ഥൻ, പഞ്ചായത്തംഗങ്ങളായ കൗസല്യ, ഖദീജക്കുട്ടി, എം. ഉദയശങ്കർ, വായനശാലാ പ്രസിഡൻറ് കെ.ടി. ഷാജൻ, ടി.എ. അപ്പുക്കുട്ടൻ എന്നിവർ പ്രസംഗിച്ചു. സംഘാടകസമിതി ഭാരവാഹികൾ: ബാബു എം.പാലിശ്ശേരി എം.എൽ.എ. (മുഖ്യരക്ഷാധികാരി), വർഗീസ്തമ്പി (ജന.കൺ.), ലൈബ്രറി കൗൺസിൽ താലൂക്ക് സെക്രട്ടറി സി.ആർ. സുനിൽ (ചെയർമാൻ) എന്നിവരെ തിരഞ്ഞെടുത്തു.

കുടുംബശ്രീ കാൻറീൻ തുറന്നു

പെരുമ്പടപ്പ്: ഗ്രാമപ്പഞ്ചായത്തിലെ കുടുംബശ്രീയുടെ കാൻറീൻ പാറ സെൻററിൽ തുറന്നു. ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് വി. അബു കാൻറീൻ ഉദ്ഘാടനം ചെയ്തു. ഐ.സി.ഡി.എസ്. ചെയർപേഴ്സൺ പി.വി. രമണി അധ്യക്ഷയായി. പഞ്ചായത്തംഗങ്ങളായ കെ. ലിസി, പി. കുഞ്ഞിമോൻ, പി. ഹംസ, പി. ബീരാൻകുട്ടിഹാജി എന്നിവർ പ്രസംഗിച്ചു.

യോഗാപരിശീലനം

ഗുരുവായൂർ: പതഞ്ജലി യോഗാ സെൻററിൻെറ ആഭിമുഖ്യത്തിൽ യോഗാപരിശീലനം വ്യാഴാഴ്ച ആരംഭിക്കും. രാവിലെ 6.30 മുതൽ ഗുരുവായൂർ തെക്കേനടയിലെ മഹാരാജ ടൂറിസ്റ്റ് ഹോമിലായിരിക്കും പരിശീലനം 9846424856 എന്ന നമ്പറിൽ ബന്ധപ്പെടണം.

എയ്ഡ്സ് ദിനാചരണം

കുന്നംകുളം: ഗവ. പോളിടെക്നിക് കോളേജ് എൻ.എസ്.എസ്. റെഡ്റിബൺ ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ എയ്ഡ്സ്ദിനാചരണം നടത്തി. ഇതോടനുബന്ധിച്ച് ചടങ്ങിൽ പ്രോഗ്രാം ഓഫീസർ സി.ബി. ഗോപി അധ്യക്ഷനായി. എയ്ഡ്സിനെതിരായ വീഡിയോ പ്രദർശനവും ഉണ്ടായി. പ്രവീൺസുന്ദർ, മിഥുൻ, വി.വി. പോം എന്നിവർ സംസാരിച്ചു.

വികലാംഗദിനാഘോഷം

വടക്കാഞ്ചേരി: ലോക വികലാംഗദിനത്തോടനുബന്ധിച്ച് എസ്.എസ്.എ.യുടെ ആഭിമുഖ്യത്തിൽ കലാകായിക മത്സരങ്ങളും വ്യാഴാഴ്ച ബി.ആർ.സി.യിൽ നടക്കും. വികലാംഗക്ഷേമ സംഘടനയുടെ സംസ്ഥാന പ്രസിഡൻറ് കെ.കെ. രാജേന്ദ്രബാബു ഉദ്ഘാടനം ചെയ്യും.

സ്വയംസഹായസംഘം ശില്പശാല

ഗുരുവായൂർ: ചാവക്കാട് താലൂക്ക് മന്നം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ സ്വയംസഹായസംഘ ശില്പശാല നടത്തി. എൻ.എസ്.എസ്. താലൂക്ക് യൂണിയൻ പ്രസിഡൻറ് പി. ചന്ദ്രശേഖരൻ നായർ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡൻറ് പ്രൊഫ. എൻ. രാജേശേഖരൻ നായർ അധ്യക്ഷനായി. ധനലക്ഷ്മി ബാങ്ക് മാനേജർ എ. മായാദേവി, യൂണിയൻ ബാങ്ക് വാടാനപ്പള്ളി ബ്രാഞ്ച് മാനേജർ സി. ശങ്കരനാരായണൻ എന്നിവർ ക്ലാസ്സെടുത്തു. എ. ഗോവിന്ദൻ, കെ. മുരളീധരൻ, കെ.കെ. ജയരാം, പി. ജാനകി എന്നിവർ പ്രസംഗിച്ചു.

കെ.ടി. ജയകൃഷ്ണൻ അനുസ്മരണം

ഗുരുവായൂർ: ബി.ജെ.പി. നഗരസഭാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പടിഞ്ഞാറെനടയിൽ കെ.ടി. ജയകൃഷ്ണൻ ബലിദാനദിനം ആചരിച്ചു. അനുസ്മരണയോഗം ടി. നിരാമയൻ ഉദ്ഘാടനം ചെയ്തു. നഗരസഭാ കമ്മിറ്റി പ്രസിഡൻറ് സുന്ദരൻ വെളുത്തേടത്ത് അധ്യക്ഷനായി. അഡ്വ. എം. വേണുഗോപാൽ, ബാലൻ തിരുവെങ്കിടം, പി.എം. ഭരതൻ എന്നിവർ പ്രസംഗിച്ചു. പുഷ്പാർച്ചനയ്ക്ക് കെ. ജയപ്രകാശ്, പ്രബീഷ് തിരുവെങ്കിടം, എന്നിവർ നേതൃത്വം നൽകി. തിരുവെങ്കിടം കർണംകോട്ട് ബസാർ പെരുന്തട്ട, വടക്കേനട, റെയിൽവേ സ്റ്റേഷൻ പരിസരം മല്ലിശ്ശേരിപറമ്പ് എന്നിവിടങ്ങളിൽ പുഷ്പാർച്ചന നടത്തി.

◆ ഇന്നത്തെ സിനിമ ◆

- **തൃശ്ശൂർ ജോർജ്ജേട്ടൻസ് രാഗം** (DTS): കപ്പൽ മുതലാളി (4)
- **ചേലൂർ മൂവി മാജിക്** (DTS) സ്ക്രീൻ -1 (രാമദാസ്): പഴശ്ശിരാജ (4) 11.00, 2.30, 6.00, 9.15
  സ്ക്രീൻ -2 (രവികൃഷ്ണ) : നീലത്താമര (5) 11, 1, 3, 6, 9
- **ഗിരിജ** (DTS)(Ph: 2334414):De Dana Dan (H) (3, 6.15, 9.15) 12ന് കെമിസ്ട്രി (മ)
- **കൈരളി:** (DTS): റൈഡ് (മ) (4) (11.00, 2.30, 6.00, 9.15)
- **ശ്രീ:** യോഗി (ത) (4) (11.30, 3.00, 6.30, 9.30)
- **ജോസ്:** (DTS): Ninja Assassin (E) (4)
- **സപ്ന:** (DTS): ഞാൻ അവൻ അല്ലെ (ത) (3) NS: പേരാൺമൈ
- **ബിന്ദു മൂവീസ്:** (DTS Satelite): 2012 (4)
- **വിയ്യൂർ ദീപ:** (Ultra Stereo): ഏയ്ഞ്ചൽ ജോൺ
- **കുട്ടനെല്ലൂർ കൃഷ്ണ:** മകൻെറ അച്ഛൻ(3)
- **വളർക്കാവ് ഗാനം** (DTS): ഏഞ്ചൽ ജോൺ (3)
- **ഇളംതുരുത്തി നാദം:** ആറുമുഖം (ത) (3)
- **ചാലക്കുടി സുരഭി** (DTS): കേരളവർമ്മ പഴശ്ശിരാജ (4) 10.30, 2.15, 6, 9.30
  ഐനിക്കൽ മൂവീസ്: 2012 (E)(4)
  അക്കര: നീലത്താമര (മ) (4)
  അഗസ്ത്യ സിനിമ (UFO DTS): De dana Dan (H) (3) NS: കെമിസ്ട്രി
- **ആമ്പല്ലൂർ ശ്രീരാമ മൂവീസ്:** (Satelite DTS): റോബിൻ ഹുഡ് (3)
  ശ്രീലക്ഷ്മി (DTS): വൈരം (മ) (3) സുരേഷ്ഗോപി
- **പുതുക്കാട് സി.ജി. പിക്ചർ പാലസ്**: നിന്നെത്താലെ ഇനിക്കും (3)
- **അഷ്ടമിച്ചിറ മഹാലക്ഷ്മി** (DTS, QUBE Digital): ഉത്തരാസ്വയംവരം (3)
- **മാള ഗംഗ മൂവീസ്**: ആദവൻ (3)
- **കൊടുങ്ങല്ലൂർ ശ്രീകാളീശ്വരി** (DTS): കേരളവർമ്മ പഴശ്ശിരാജ (3) ശനി, ഞായർ 4 shows
  അശോക (DTS): നാൻ അവൻ അല്ലെ (ത) (4)
  മുഗൾ മൂവീസ് (DTS): നീലത്താമര (